(ബി) ഇത് ആകെ ഓഫീസർ തസ്തികയുടെ എത്ര ശതമാനം വരും എന്ന് വിശദമാക്കാമോ ;

(സി) വനിതാ പോലീസ് സബ് ഇൻസ്പെക്ടർമാരെ നേരിട്ട് നിയമിക്കുവാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ;

(ഡി) വനിതാപോലീസ് സബ് ഇൻസ്പെക്ടർമാരുടെ തെരഞ്ഞെടുപ്പ് നടക്കുന്ന മുറയ്ക്ക് സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ സമ്പൂർണ്ണ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വനിതാ സബ്ഇൻസ്പെക്ടർ - 74

വനിതാ സർക്കിൾ ഇൻസ്പെക്ടർ - 21

വനിതാ ഡിവൈ.എസ്.പി. - 1

എസ്.പി. - 1

(ബി) 4%

(സി) വനിതാ സബ്ഇൻസ്പെക്ടർമാരെ നേരിട്ട് തെരഞ്ഞെടുക്കുന്നതിന് നടപടി ആരംഭിച്ചിട്ടില്ല.

(ഡി) വനിതാ സബ്ഇൻസ്പെക്ടർമാരുടെ തെരഞ്ഞെടുപ്പ് ആരംഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ വനിതാ പോലീസ് നിയമനം

123 (789) ശ്രീ. മത്തായി ചാക്കോ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എപ്പോഴാണ് ;

(ബി) ഇതിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇപ്പോൾ ജില്ലയിൽ എത്ര വനിതാ പോലീസ് കോൺസ്റ്റബിൾ ഒഴിവുകൾ ഉണ്ടെന്നും എത്രപേരെ ഇതിനകം പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമിച്ചു എന്നും വെളിപ്പെടുത്താമോ ;

(ഡി) പോലീസിലെ വനിതാ അനുപാതം എത്രയാണെന്ന് വെളിപ്പെടുത്താമോ ;

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly